# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **21.06.2012 ൽ മറുപടിയ്ക്ക്**

**നിയമസഭാ ചോദ്യം നം. 2564**

## അൺ എയ്ഡഡ് സ്ക്കൂളുകൾ

| ചോദ്യം<br>ശ്രീ. ബാബു എം. പാലിശ്ശേരി | | ഉത്തരം<br>ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര അൺ എയ്ഡഡ് സ്ക്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; | (എ) | സംസ്ഥാനത്ത് ആകെ 863 അൺ എയ്ഡഡ് സ്ക്കൂളുകൾ പ്രവർത്തിക്കുന്നു. |
| (ബി) | എല്ലാ അൺ എയ്ഡഡ് സ്ക്കൂളുകളിലും ആയി എത്ര അദ്ധ്യാപകരുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്; | (ബി) | സംസ്ഥാനത്ത് അൺ എയ്ഡഡ് സ്ക്കൂളുകളിൽ ആകെ 13692 അദ്ധ്യാപകർ ഉണ്ട്. |
| (സി) | ഈ അദ്ധ്യാപകർക്ക് സേവന വേതന വ്യവസ്ഥ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ; | (സി) | കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം XIV (AA) യിൽ അംഗീകൃത അൺ എയ്ഡഡ് സ്ക്കൂൾ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ അംഗീകൃത അൺ എയ്ഡഡ് സ്ക്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ മിനിമം ശമ്പളം സ.ഉ. (എം.എസ്.) 36/11/പൊ.വി. തീയതി 14.2.11 ഉത്തരവു പ്രകാരം സർക്കാർ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. |
| (ഡി) | അൺ എയ്ഡഡ് സ്ക്കൂൾ അദ്ധ്യാപകർക്ക് മതിയായ ശമ്പളം ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെ; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | അംഗീകൃത അൺ എയ്ഡഡ് സ്ക്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ മിനിമം ശമ്പളം നല്കുന്നത് സംബന്ധിച്ച് 14.02.2011 -ലെ ജി.ഒ.(എം.എസ്) നം. 36/11/പൊ.വി. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന് വിരുദ്ധമായി ശമ്പളാനുകൂല്യങ്ങൾ നൽകുന്നതിന് വീഴ്ച വരുത്തുന്നതായി പരാതി ലഭിക്കുന്ന കേസുകളിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണ്. |

Sd/-

സെക്ഷൻ ഓഫീസർ